ഗർഷോം

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി
(പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രം)

"GARSHOM" - THE OFFICIAL SHMOONI PRAVASI FORUM ONLINE BULLETIN

Vol : 23





ഇതളുകൾ

ഗുരുമൊഴി	03
ക്ഷതമേറ്റവന്റെ ക്ഷമ	04
പരി. പരുമല തിരുമേനി	06
എട്ട്നോമ്പ്	08
A Saviour Was Born	09
മദ്ബഹാ ശുശ്രൂഷകരോട്	10
പരി. യെൽദോ മോർ ബസേലിയോസ് ബാവ	13
കിഡ്സ് കോർണർ	14
ഫാമിലി പരിചയം	15
ഇടവക വാർത്തകൾ	17

എഡിറ്റോറിയൽ

റവ.ഫാ.തോമസ് പി. മുകളിൽ (പ്രസിഡന്റ്)
വിൻസി ജോർജ്ജ് (വൈസ് പ്രസിഡന്റ്)
ജോബിൻ ജോൺ (കോ–ഓർഡിനേറ്റർ)
രേഖ സുനിൽ (കോ–ഓർഡിനേറ്റർ)
റിബു ബേബി (സെക്രട്ടറി)
സുനിൽ ജോൺ (ജോ.സെക്രട്ടറി)
അനു ബിജു (ട്രഷറർ)

ഓൺലൈൻ വായനയ്ക്ക്
സ്കാൻ ചെയ്യുക

Marthashmooni

നിർദ്ദേശങ്ങൾ, വിവരങ്ങൾ, കൃതികൾ എന്നിവയ്ക്ക്
+971 56 248 9638, +968 92968907

ഗുരുമൊഴി

റവ.ഫാ.തോമസ് പി. മുകളിൽ

മിൽമയുടെ പരസ്യവും അരാഷ്ട്രീയ കേരളവും

ഒരു പൊതുമേഖലാ സ്ഥാപനമായ മിൽമ അവരുടെ ഒരു പരസ്യം പിൻവലിച്ചത് സമൂഹത്തിന്റെ എതിർപ്പ് പരിഗണിച്ചാണ്.

സാമൂഹിക ജനസേവന പ്രസ്ഥാനങ്ങൾ പക്ഷം പിടിക്കുന്നത് അധാർമികമാണെന്ന് തിരിച്ചറിവുണ്ടാകട്ടെ.

ആരോഗ്യപരമായ വിമർശനങ്ങൾ ഉന്നയിച്ചു പരസ്പരം സഹകരിച്ചു രാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കുക എന്ന ഒരുപഴയ പൊതുപ്രവർത്തന രീതി ഉണ്ടായിരുന്നു. അന്നത്തെ നേതാക്കളുടെ സൗഹൃദം സമൂഹത്തിന് ഒരുപാഠമായിരുന്നു. അണികൾ നേതാക്കളുടെ ആജ്ഞ ശിരസാവഹിച്ചുമിരുന്നു.

സൗഹൃദങ്ങൾ ഇന്നൊരു മേമ്പൊടി മാത്രമാണ്. ക്യാമറക്കണ്ണുകൾക്ക് മുമ്പിൽ നേതാക്കൾ ഒന്നിച്ചിരിപ്പാണ്. എന്നാൽ അധാർമിക വഴികളിലൂടെ പ്രതികരിക്കാനും പഴി പറയാനും പഠിപ്പിച്ച നേതാക്കന്മാർ കാലത്തിന്റെ മറ്റൊരു കാഴ്ചയാണ്. ഒരാളുടെ ആശയങ്ങളെ ആയുധങ്ങൾ കൊണ്ട് എതിർക്കുന്ന ആധുനിക ഭാഷ്യമിതാണ്. പിടിച്ചുപറിക്കൊലകളേക്കാൾ രാഷ്ട്രീയക്കൊലകളുടെ എണ്ണം പതിന്മടങ്ങ് കൂടുതലാണ് നമ്മുടെ നാട്ടിൽ.

വർഗീയ ന്യൂനപക്ഷ പ്രീണനങ്ങൾ രാഷ്ട്രീയ നിറം കലർത്തി വല്ലാത്തൊരു പരിതസ്ഥിതിയാണ് നമ്മുടെ നാട്ടിൽ. അസഹിഷ്ണുതയുടെ ആധുനിക പരിസരമാണിത്. ഏതെങ്കിലും രാഷ്ട്രീയ പക്ഷത്ത് നിന്നുകൊണ്ടല്ല ഇത്പറയുന്നത്. ഈസമീപനത്തിൽ ഏറക്കുറെ എല്ലാവരും കുറ്റക്കാരാണ്.

പൊതുവെ നന്മയ്ക്കുള്ള ഉപാധികളെല്ലാം രാഷ്ട്രീയ ആയുധങ്ങളാക്കുന്നു എന്നൊരു സൂചനയാണ് മിൽമ പിൻവലിച്ച പരസ്യത്തിലൂടെ നാം കാണുന്നത്. ആദർശ രാഷ്ട്രീയം അലക്കി തേച്ച് അലമാരിയിൽ വച്ചിരിക്കുകയാണ്. ആയുധരാഷ്ട്രീയം തന്നെയാണ് മുഖ്യം.

കേന്ദ്ര അന്വേഷണ ഏജൻസികൾ മുതൽ കേരളത്തിലെ പാൽ സംരംഭകരുടെ സംഘംവരെ ഒരേ പാളങ്ങളിലൂടെയാണ് യാത്ര ചെയ്യുന്നതെന്ന തോന്നൽ. സ്വാർത്ഥതയുടെ ദന്തഗോപുരങ്ങളിൽ ഇരിക്കുന്നവർ പാഠങ്ങൾ വായിക്കാറില്ലല്ലോ.

റവ. ഫാ. ജെറിൻ ജോൺ

ക്ഷതമേറ്റവന്റെ ക്ഷമ

ആദാമിൻ വീഴ്ചയൊഴിപ്പാൻ താഴ്ചയിലേക്കുടയോൻ വന്നു. അവനെ ദോഷികൾ യൂദന്മാർ നിഹനിപ്പനാലോചിച്ചു (ഹാശാചൊവ്വ പ്രഭാതം, എനിയോനോ)

ജീവിത യാഥാർത്ഥ്യങ്ങളിൽ നാം പലവിധ വേഷങ്ങൾ ധരിക്കാറുണ്ട്. മുറിവേറ്റവന്റെ അങ്കിയും മുറിവേൽപ്പിച്ചവന്റെ അങ്കിയും മാറിമാറി ധരിക്കാനുള്ളവരാണ് നാം മുറിവേറ്റവരാകുമ്പോൾ ക്ഷതമേറ്റ ക്രിസ്തുവിന്റെ ഭാഗധേയത്തിലാണ് നാം. ക്ഷതമേറ്റവന് ക്ഷമിക്കുവാൻ കഴിയുമ്പോഴാണ് ഉത്ഥിതനായ ക്രിസ്തുവിനെ സ്വന്തമാക്കുവാൻ കഴിയുക. ക്രിസ്തുവിന്റെ മുറിവുകൾ നമുക്ക് വേണ്ടിയായിരുന്നു

ക്രിസ്തുവിന്റെ മുറിവുകൾ സർവ്വ നീതിയുടെയും പൂർത്തീകരണത്തിന് വേണ്ടിയായിരുന്നു

ക്ഷതമേറ്റ ക്രിസ്തുവിന്റെ മുറിവുകൾ നമുക്ക് നൽകിയത് സ്നേഹത്തിന്റെയും നീതിയുടെയും ചോരയും നീരും ആയിരുന്നു. പിതാവായ ദൈവം മനുഷ്യകുലത്തോട് കാണിച്ച സ്നേഹത്തിന്റെ പര്യായമാണ് കാൽവരിയുടെ വിരിമാറിൽ അർപ്പിക്കപ്പെട്ട സ്നേഹത്തിന്റെയും നീതിയുടെയും ബലി. നീതി നിർവഹിക്കപ്പെടുവാൻ സ്വയം ശൂന്യവൽക്കരിക്കപ്പെടുന്ന ക്രിസ്തു ഭാവം. ക്രിസ്തുവിന്റെ മുറിവുകൾ സുഗന്ധ തൈലങ്ങൾ ആയിരുന്നു. അത് പരിശുദ്ധാത്മാവിന്റെ മുദ്രയും അടയാളവും ആകുന്ന മൂറോന്റെ സുഗന്ധമാണ്. (നിൻ മുറിവുകളീന്നേറ്റെൻ മൂറോൻ മണമെൻ നാഥാ) 'എനിക്ക് ഒരുസ്നാനം ഏൽപ്പാനുണ്ട് അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു. 'ലൂക്കോ 12: 50) എന്ന്പറഞ്ഞവൻ അവസാനതുള്ളി രക്തവും വാർന്നുകൊണ്ട് പറയുന്നതെല്ലാം പൂർത്തിയായി എന്നാണ് (ലൂക്കോ 19:30) ഫുൾട്ടൺ ജെഷീനിന്റെ ഭാഷയിൽ മുറിവേറ്റ ക്രിസ്തുവാണ് യഥാർത്ഥ ക്രിസ്തു. മുറിവേറ്റ സഭയാണ് യഥാർത്ഥസഭ. മുറിവേറ്റ+=! ക്രൈസ്തവനാണ് യഥാർത്ഥ+=! ക്രൈസ്തവൻ. അതായത് സഹനങ്ങളെയും മുറിവുകളെയും കുരിശുകളെയും യഥാർത്ഥ ശിഷ്യത്വത്തിൽ നിന്ന് മാറ്റിനിർത്താൻ കഴിയില്ല. മുറിവേറ്റവന്റെ മുറിവുകളിലുള്ള പങ്കുചേരലാണ് സഹനം. മുറിവുകളും സഹനങ്ങളും തിന്മയ്ക്കുള്ള ശിക്ഷയല്ല, മറിച്ച് അവന്റെ രക്ഷാകര പദ്ധതിയിലേക്കുള്ള നമ്മുടെ പങ്കുചേരലാണ്. അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസിനെ ട്രോജൻ ചക്രവർത്തി ഹിംസ്രജന്തുക്കൾക്ക് ഭക്ഷണമായിട്ട് ഇട്ടുകൊടുക്കുവാൻ കൽപ്പന പുറപ്പെടുവിച്ചു എന്നറിഞ്ഞ ക്രിസ്ത്യാനികൾ ഇതിൽനിന്നും അദ്ദേഹത്തെ രക്ഷിക്കണമെന്ന് ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചു. ഇതറിഞ്ഞ വിശുദ്ധൻ അവരോട് പറഞ്ഞു; 'മക്കളെ, ചതിക്കല്ലേ... മുറിവുകളേറ്റ് സഹിച്ചു മരിക്കുമ്പോഴാണ് ഞാൻ യഥാർത്ഥ ക്രിസ്ത്യാനിയാകുന്നത്. 'തനിക്കുവേണ്ടി പീഢകൾ ഏറ്റു മരിച്ച യേശുവിന്വേണ്ടി പീഡകൾ സഹിക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു.

ക്രിസ്തുവിന്റെ മുറിവുകൾ നിയോഗങ്ങളുടെ പൂർത്തീകരണമായിരുന്നു. തന്റെ മഹിമവെടിഞ്ഞ് ഭൂമിയിലേക്ക് ക്രിസ്തു ഇറങ്ങിവന്നത് അവന്റെ നിയോഗങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയാണ്. നിയോഗങ്ങളിൽ നിന്നും ഒളിച്ചോടുന്ന മനുഷ്യനെ വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ കഴിയും. നിയോഗങ്ങളിൽ നിന്നും ഒളിച്ചോടുമ്പോൾ മനുഷ്യനിർമ്മിതമായ മറകൾ ഉണ്ടാകും. ഈ മറനീക്കി പുറത്തുവരുന്നതാണ് ദൈവനിയോഗത്തിന്റെ പൂർത്തീകരണം. ആദം താൻ ഏൽപ്പിക്കപ്പെട്ട 'പറുദീസയുടെ കാവൽ' എന്ന നിയോഗത്തിൽ നിന്നും ഒളിച്ചോടിയപ്പോൾ ദൈവം ചോദിക്കുന്നു 'നീ എവിടെയാണ്"? സൃഷ്ടാവ് സൃഷ്ടിയെ ബോധ്യപ്പെടുത്തുകയാണ് സൃഷ്ടി തന്നിൽനിന്നും ഏൽപ്പിക്കപ്പെട്ട നിയോഗത്തിൽ നിന്നും വ്യതിചലിച്ചുവെന്നും നിയോഗങ്ങൾ പൂർത്തീകരിക്കപ്പെടണമെങ്കിൽ സൃഷ്ടാവിന്റെ കാർതത്വവും സൃഷ്ടിയുടെ അനുസരണവും ഒത്തുചേരണം. സൃഷ്ടിയുടെ മകടമായ മനുഷ്യൻ മാത്രമാണ് നിയോഗങ്ങൾ പൂർത്തീകരിക്കാതെ ഒളിച്ചോടുന്നത്.

യോനായുടെ പുസ്തകത്തിൽ നിയോഗം ലഭിക്കുന്ന പ്രാപഞ്ചിക ശക്തികൾ ഉണ്ട്. അവയെല്ലാം നിയോഗം പൂർത്തീകരിക്കുന്നു. എന്നാൽ യോന എന്ന മനുഷ്യൻ നിയോഗത്തിൽ നിന്നു ഒളിച്ചോടുന്നു. ക്രിസ്തുവിന്റെ നിയോഗങ്ങളുടെ പൂർത്തീകരണമാണ് ഗത്സമനയിൽ 'അങ്ങയെ ഇഷ്ടം നടക്കേണമേ' എന്ന പ്രാർത്ഥന. അത് സൃഷ്ടാവാം ദൈവത്തോടുള്ള അവന്റെ വിധേയത്വത്തെ കുറിക്കുന്നു.

ക്രിസ്തുവിന്റെ മുറിവുകൾ അനേകർക്ക് യോഗ്യതയുടെ മാനദണ്ഡവും മഹത്വത്തിന്റെ നിദാനവും നവീനമായ വിജയത്തിന്റെ കാരണവും പാപപരിഹാരവും ആകുന്നുവെന്നു അവിടുന്ന് തീരുമാനിച്ചു. തേജസും പ്രതാപവും നിറഞ്ഞ തന്റെ രാജകീയ മഹത്വത്തിൽ യേശുവിന് നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടാമായിരുന്നു. എന്നാൽ അവൻ മുൾകിരീടം അണിഞ്ഞു. രക്തങ്കിതമായ ചുവന്നവസ്ത്രം അണിഞ്ഞു. മുഖം മുറിവുകൾ ഏറ്റു മരണത്തിന്റെ പരിഹാസംഏറ്റുവാങ്ങി ഏറ്റവുംനല്ല പാഠശാലയാണ് സഹനങ്ങളും മുറിവുകളും. പലതും പൂർത്തീകരിക്കാൻ ചില സഹനങ്ങൾ വഴി സാധിക്കുന്നു. മുറിവേൽപ്പിച്ചവനെ നിർവികാരത്തോടെ നോക്കി നിൽക്കുന്ന ജനമാകാതെ അപരന്റെ മുറിവിൽ ഒരു ലേപനവുമായി മാറുന്ന ഒരു ദൈവീകജനമാകാൻ നമുക്ക് പരിശ്രമിക്കാം .

RAMTHER

RAMTHER POWER
TECHNOLOGY PVT LTD

www.ramther.com

GST യിൽ ഇളവ്
സോളാറിൽ നേട്ടം!!!

ഇപ്പോൾ 78,000 രൂപ സബ്സിഡിക്കു പുറമേ
*15,000 രൂപ GST ഇളവും...

*VALUE VARIES WITH THE TOTAL PROJECT COST.

600+ CUSTOMERS

8 YEARS OF EXPERIENCE

91 80752 37602
91 92490 97282
04843580470

ALL KERALA SERVICE AVAILABLE

HEAD OFFICE : NEAR OBRON MALL, EDAPALLY,KOCHI
BRANCH OFFICE : BASITH TOWER TB ROAD KANHANGAD

പരിശുദ്ധ പരുമല തിരുമേനി

പരിശുദ്ധ പരുമല തിരുമേനി (സെന്റ് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ബാവ) മലയാളികളുടെ ആത്മീയ ജീവിതത്തിൽ ഒരു മഹത്തായ സാന്നിധ്യമാണ്. മലങ്കരസഭയിലെ ആദ്യത്തെ വിശുദ്ധനായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട അദ്ദേഹം, ജീവിതത്തിൽ പ്രാർത്ഥന, ഉപവാസം, വിശ്വാസം, സ്നേഹം എന്നിവയുടെ ഉദാത്തമാതൃകയായി നിലകൊണ്ടു.

ബാല്യകാലം

'1848 ജൂൺ15 (കൊല്ലവർഷം 1023 മിഥുനം 3) ന് പഴയകൊച്ചി സംസ്ഥാനത്തിൽപ്പെട്ട മുളന്തുരുത്തി ചാത്തുരുത്തി ഭവനത്തിൽ കൊച്ചുമത്തായി മറിയം ദമ്പതികളുടെ ഇളയ മകനായി 'പരുമലതിരുമേനി' എന്ന കീർത്തി നാമം ലഭിച്ച ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത ജനിച്ചു. കുര്യൻ, മറിയം, ഏലി, വർക്കി എന്നിവർ ഇദ്ദേഹത്തിന്റെ സഹോദരങ്ങളായിരുന്നു. മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വെച്ച് ഗീവർഗ്ഗീസ് എന്ന പേരിൽ മാമോദീസായേറ്റു. ഏറ്റവും ഇളയ കുട്ടിയെന്ന പ്രത്യേക പരിലാളനയിൽ വളർന്ന പരുമല തിരുമേനിയെ മാതാപിതാക്കൾ കൊച്ചയ്പ്പോര എന്ന വാത്സല്യ പേരിലാണ് വിളിച്ചിരുന്നത്. പക്ഷേ ഗീവർഗീസിന് വയസ്സുതികയും മുൻപേ അമ്മ മറിയം മരണമടഞ്ഞതിനാൽ മൂത്ത സഹോദരിയായ മറിയാമിന്റെ സംരക്ഷണയിലാണ് കൊച്ചയ്പ്പോര പിന്നീട് വളർന്നത്.

ആത്മീയവഴികളിലേക്ക്

പഠിത്തത്തിൽ അസാമാന്യ കഴിവുകൾ പ്രകടിപ്പിച്ച കൊച്ചയ്പ്പോര പ്രാഥമിക വിദ്യാഭ്യാസാനന്തരം പിതൃസഹോദരനായ ഗീവർഗീസ് മല്പാനിൽനിന്ന് വേദശാസ്ത്രവും സുറിയാനിയും പഠിക്കുകയും ഇതിനിടെ ഒൻപതാംവയസിൽതന്നെ മാത്യൂസ് മാർ അത്താനാസ്യോസിൽനിന്ന് ശെമ്മാശ സ്ഥാനത്തിന്റെ ആദ്യപടിയായ 'കോറൂയോ' പട്ടം സ്വീകരിക്കുകയുംചെയ്തു. ഗീവർഗീസ് മല്പാന്റെ മരണത്തെതുടർന്ന് പാമ്പാക്കുട കോനാട്ട് മല്പാന്റെ ശിഷ്യനായി തുടർപഠനം നിർവ്വഹിച്ച ഗീവർഗീസ് ശെമ്മാശന് 18–ാംവയസ്സിൽ വൈദികസ്ഥാനവും തുടർന്ന് കോർ എപ്പിസ്ക്കോപ്പാ സ്ഥാനവും ലഭിച്ചു. ഇക്കാലയളവിൽ പരുമലയിൽ പുതിയതായി സ്ഥാപിച്ച സെമിനാരിയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു സഹായിയെ തേടിക്കൊണ്ടിരുന്ന അന്നത്തെ മലങ്കരമെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് വെട്ടിക്കൽ സെന്റ്. തോമസ് ദയറായിൽ താമസിച്ചിരുന്ന ചാത്തുരുത്തി ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പായെ പരിചയപ്പെടുകയും അദ്ദേഹത്തിൻ റമ്പാൻ സ്ഥാനം നൽകി പരുമലയിലേക്ക് ക്ഷണിച്ചുകൊണ്ടുവരികയും ചെയ്തു. പരുമല സെമിനാരിയിൽ ശെമ്മാശന്മാർക്ക് വൈദിക പരിശീലനം നൽകുന്ന ദൗത്യം ഗീവർഗീസ് റമ്പാൻ ഏറ്റെടുത്തു. 1875ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് കേരളത്തിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയും ദ്വിഭാഷിയുമായി സഭ നിയമിച്ചത് ഗീവർഗീസ് റമ്പാനെയായിരുന്നു. 1876 ജൂണിൽ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽവെച്ച് നടന്നപള്ളി പ്രതിപുരുഷയോഗം (മുളന്തുരുത്തി സുന്നഹദോസ്) മലങ്കരസഭയെ ഏഴുഭദ്രാസനങ്ങളായി വിഭജിക്കുവാനും മലങ്കരമെത്രാപ്പോലീത്തായ്ക്കു പുറമേ ആറു മെത്രാപ്പോലീത്താമാരെ കൂടി ഭദ്രാസന ചുമതലകൾക്കായി തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു. ഈ ആറുപേരിൽ ഒരാൾഗീവർഗീസ് റമ്പാനായിരുന്നു. അദ്ദേഹം 1876 ഡിസംബർ 10ന് ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ വടക്കൻ പറവൂർ പള്ളിയിൽവെച്ച് മെത്രാപ്പോലിത്തയായിവാഴിക്കപ്പെട്ടു. ഏറ്റവും പ്രായംകുറഞ്ഞ (29വയസ്സ്) മെത്രാപ്പോലിത്ത ആയിരുന്നതിനാൽ അദ്ദേഹം കൊച്ചുതിരുമേനി എന്നും അറിയപ്പെട്ടു.

1877ൽ നിരണം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പരുമലസെമിനാരിയിൽ തന്നെതാമസം തുടർന്നു. 1884ൽ തുമ്പമൺ ഭദ്രാസനത്തി ന്റെയും തുടർന്ന് കൊല്ലം ഭദ്രാസനത്തിന്റെയും ചുമതലയും ഇദ്ദേഹത്തിൽ വന്നുചേർന്നു. മാർഗ്രീഗോറിയോസിന്റെ ഭക്തി യിലും വിശുദ്ധ ജീവിതത്തിലും അനേകർ ആകൃഷ്ടരാവുക യും അദ്ദേഹം പരുമല തിരുമേനി എന്ന പേരിൽ അറിയ പ്പെടാൻ തുടങ്ങുകയും ചെയ്തു. പരുമല സെമിനാരിയുടെ സമീപം ആരാധനയ്ക്കായി ഉണ്ടായിരുന്ന താൽക്കാലിക കെട്ടിടത്തിന്റെ സ്ഥാനത്ത് മനോഹരമായ ദേവാലയം അദ്ദേഹം പണികഴിപ്പിച്ചു. 1895 ജനുവരി 27ന് ഈ ദേവാല യത്തിന്റെ കൂദാശനടത്തിയതിന് ശേഷം ക്രൈസ്തവർ വിശുദ്ധനാടായി കണക്കാക്കുന്ന യെരുശലേം സന്ദർശന ത്തിന് പുറപ്പെട്ടു. തിരിച്ചെത്തിയശേഷം തിരുമേനി ചെയ്ത പ്രസംഗം 'ഭക്തവചനം' എന്നപേരിൽ പ്രശസ്തമായി. ഈ പ്രസംഗം തിരുവിതാംകൂറിലെ ഹൈസ്കൂൾ പാഠപുസ്തക ത്തിലും എം.രാമവർമ്മതമ്പാൻ പ്രസിദ്ധപ്പെടുത്തിയ 'പ്രഭാ ഷണങ്ങൾ' എന്ന ഗ്രന്ഥത്തിലും ഉൾപ്പെടുത്തിയിരുന്നു. കൂടാതെ തന്റെ യെരുശലേം സന്ദർശനത്തെക്കുറിച്ച് ഊർശ്ലേം യാത്രാവിവരണം എന്നപേരിൽ തിരുമേനി എഴുതി പ്രസിദ്ധീ കരിച്ച പുസ്തകമാണ് മലയാളത്തിൽ ആദ്യം അച്ചടിച്ചയാത്രാ വിവരണമായി കരുതപ്പെടുന്നത്. സുറിയാനി ഭാഷയിലായി രുന്നു പാണ്ഡിത്യമെങ്കിലും അദ്ദേഹം മലയാളത്തിൽ വേറെ യും രചനകൾ നടത്തിയിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ നേതൃത്വം നൽകിയ മാർഗ്രീഗോറിയോസ് തുമ്പമൺ, മുളന്തുരുത്തി, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങ ളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. തിരുവല്ലയിലെ എം.ജി.എം സ്കൂളും കോട്ടയം താഴത്തങ്ങാടി സ്കൂളും സ്ഥാപിക്കു വാൻ പ്രാരംഭ ശ്രമങ്ങൾ നടത്തിയതും മാർഗ്രീഗോറിയോ സാണ്.

54–ാം വയസ്സിൽ, 1902 നവംബർ 2ന്, പരുമലയിൽ പരലോക സ്ഥനായതു മലയാളി ക്രൈസ്തവരുടെ മനസ്സിൽ വലിയ ദു:ഖമായി. എന്നാൽ, മരണത്തിനുശേഷം അദ്ദേഹത്തിന്റെ ശവ കുടീരം വിശ്വാസികളുടെ തീർത്ഥാടന കേന്ദ്രമായി മാറി. 1947ൽ മലങ്കരസഭ അദ്ദേഹത്തെ വിശുദ്ധനായി ആദരിച്ചു. തുടർന്ന് 1987ൽ ആന്തിയോക്യൻ സിറിയൻ ഓർത്തഡോക്സ് സഭ ലോകസഭാതലത്തിൽ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാ പിച്ചു. ഇന്ന് ലോകമെമ്പാടുമുള്ള വിശ്വാസികൾ അദ്ദേഹത്തെ "പരുമല തിരുമേനി" എന്ന് ആദരിക്കുന്നു.

പരിശുദ്ധ പരുമലതിരുമേനി, മലയാളികളുടെ വിശ്വാസ ജീവിത ത്തിൽ ഒരിക്കലും മായാത്ത പ്രകാശമാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനയും ഉപവാസവും നിറഞ്ഞ ജീവിതം ഇന്നും ലക്ഷ ക്കണക്കിന് ആളുകളെ ആത്മീയമായി നയിക്കുന്നു.

പരുമലപള്ളി കൊടിയേറ്റും വെറ്റിലയും

പരുമല തിരുമേനി അവസാനമായി നടത്തിയത് ഒരുവിവാഹ കൂദാശയായിരുന്നു. വിയപുരം പള്ളിയിൽ. ആ കൂദാശക്കിട യിൽ വാഴ്ത്തിയ വിവാഹമോതിരം താഴെവീണുപോയി. അതിൽ ഒരു അശുഭലക്ഷണം തോണ്ടിയെടുത്ത വിശ്വസിക ളോട് തിരുമേനി പറഞ്ഞു ഇപ്പോൾ നടന്ന അശുഭലക്ഷണം ഇവർക്കോ നിങ്ങൾക്കോ ദോഷമാകില്ല മറിച്ച്, എനിക്കു വരാനുള്ള ദോഷത്തിനും ദുരിതത്തിനും മുന്നോടിയാണ്. തിരികെ എത്തിയ തിരുമേനിയുടെ ശരീരത്ത് വസൂരി പിടിപെട്ടു തുടങ്ങി. എല്ലാചികിത്സയും തിരുമേനി നിഷേധിച്ചു എന്നു മാത്രമല്ല, ഇതുതന്നത് ദൈവമാണങ്കിൽ ദൈവം തന്നെ എടുത്തുകൊള്ളും എന്ന് തിരുമേനി ഉറപ്പിച്ചു പറഞ്ഞു. അവിടെ എത്തിയ ഒരു ബ്രാഹ്മണൻ തിരുമേനിയോടു പറഞ്ഞു, അങ്ങേക്ക് ചികിത്സവേണ്ടെങ്കിൽ വേണ്ട എങ്കിലും അങ്ങ് കിടക്കുന്ന ഈ കിടക്കയിൽ വെറ്റില വിതറി അതിൽ കിടക്കുക. തിരുമേനി അത് അനുസരിക്കുകയും രോഗം മാറുകയും ചെയ്തു.

സ്റ്റെഫി സന്തോഷ്

മലങ്കര ഓർത്തഡോക്സ് സഭയിലെ എട്ടുനോമ്പ്

മലങ്കര ഓർത്തഡോക്സ് സഭയിലെ വിശ്വാസ ജീവിതത്തിൽ സുപ്രധാനമായ ആത്മീയാചാരങ്ങളിൽ ഒന്നാണ് എട്ടുനോമ്പ്. പ്രതിവർഷം സെപ്റ്റംബർ 1 മുതൽ 8 വരെ ആചരിക്കുന്ന ഈ നോമ്പ്, പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഘോഷിക്കുന്നതിനായുള്ള ആത്മീയഒരുക്കമാണ്.

സഭയുടെ പരമ്പരാഗതത്തിൽ, പരിശുദ്ധ മറിയം ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ നിർണ്ണായക പങ്കുവഹിച്ചവളാണ്. അവളുടെ ജനനം മനുഷ്യരാശിക്ക് പ്രത്യാശയുടെ വിളക്കായി മാറിയതായി സഭ പഠിപ്പിക്കുന്നു. അതിനാൽ, ആ തിരുനാൾ ആഘോഷിക്കുന്നതിനു മുമ്പായി വിശ്വാസികൾ എട്ട്ദിവസം ഉപവാസവും പ്രാർത്ഥനയും നടത്തി ആത്മാവിനെ ശുദ്ധീകരിക്കുന്നു.

നോമ്പ് ആചരിക്കൽ

- വിശുദ്ധകുർബാന, ധ്യാനം, പ്രത്യേകപ്രാർത്ഥനകൾ
- കുടുംബങ്ങളിൽ കൂട്ടായ്മയായ പ്രാർത്ഥനയും ബൈബിൾവായനയും
- കരുണാകർമങ്ങളിലും ദാനധർമ്മങ്ങളിലും പങ്കാളിത്തം

എട്ടുനോമ്പ്, വെറും ഉപവാസകാലമല്ല; മറിച്ച്, വിശ്വാസികളെ വിനയം, കരുണ, ആത്മനിയന്ത്രണം എന്നീഗുണങ്ങളിൽ വളർത്തുന്ന ആത്മീയ പരിശീലനമാണ്. പരിശുദ്ധ ദൈവമാതാവിന്റെ മാതൃസ്നേഹവും വിശുദ്ധജീവിതവും അനുസ്മരിച്ചു, വിശ്വാസികൾ ദൈവത്തോടടുത്തുചേരുന്ന അനുഗ്രഹകാലമായി സഭ ഈ നോമ്പിനെ കാണുന്നു.

ചരിത്രപരമായപശ്ചാത്തലം:

എട്ടുനോമ്പിന്റെ ചരിത്രം പുരാതനസഭയുടെ കാലത്തേക്കാണ് പോകുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ തിരോധാനവും സ്വർഗ്ഗാരോഹണവുമായി ബന്ധപ്പെട്ട് വിവിധ കിഴക്കൻ സഭകളും കത്തോലിക്കാസഭയും പതിറ്റാണ്ടുകളായി പ്രത്യേകമായി നോമ്പ് ആചരിച്ചുവരുന്നു. 6–ാം നൂറ്റാണ്ടിൽ യെരൂശലേമിലെ വിശുദ്ധസഭകളിൽ നിന്നും ആരംഭിച്ച ഈനോമ്പ്, പിന്നീട് സിറിയൻ ക്രിസ്ത്യാനികളിലൂടെ കിഴക്കൻ സഭകളിലേക്കും മലങ്കര സഭകളിലേക്കും വ്യാപിച്ചു.

മലങ്കരത്തിലെപ്രവേശനം

സിറിയൻ സഭയുടെ ലിറ്റർജിക്കൽ ആചാരങ്ങൾ മലങ്കരസഭയിൽ സ്വീകരിക്കപ്പെട്ടപ്പോൾ, ദൈവമാതാവിന്റെ ഓർമ്മയ്ക്കായി എട്ട്ദിവസത്തെ നോമ്പ് നിർബന്ധിതമായി. വിശുദ്ധ ദൈവമാതാവിനോടുള്ള മലങ്കരസഭയുടെ ആഴത്തിലുള്ള ഭക്തിയാണ് ഈ നോമ്പിലൂടെ പ്രകടമാകുന്നത്.

ആത്മീയപ്രാധാന്യം

എട്ടുനോമ്പ് ദൈവമാതാവിന്റെ പരിശുദ്ധ ജീവിതവും, ദൈവാനുഗ്രഹങ്ങളോടുള്ള സമർപ്പണവും അനുസ്മരിപ്പിക്കുന്ന കാലഘട്ടമാണ്. വിശ്വാസികൾ പ്രാർത്ഥന, ഉപവാസം, തിരുവചനപഠനം, സൽപ്രവർത്തികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്വർഗ്ഗാരോഹണ തിരുനാൾ (സെപ്റ്റംബർ 8) ഈനോമ്പിന്റെ സമാപ്തിയാണ്, അത് സഭ വലിയ സന്തോഷത്തോടെയും ഭക്തിയോടെയും ആഘോഷിക്കുന്നു.

എട്ടുനോമ്പ് വിശ്വാസികളെ ആത്മീയമായി പുതുക്കുകയും ദൈവമാതാവിന്റെ മാതൃകയിൽ വിശുദ്ധ ജീവിതത്തിലേക്ക് നടത്തുകയും ചെയ്യുന്ന ഒരുമഹത്തായ പാരമ്പര്യമാണ്. ചരിത്രം പഴക്കമുള്ളെങ്കിലും ഇന്നും ആത്മീയ ശക്തിയും വിശ്വാസവും പകരുന്ന അനിവാര്യമായ തിരുനാൾ ഒരുക്കമാണ് ഈ നോമ്പ്.

A Saviour Was Born

A Saviour was born
His name is Jesus
He had a kind heart
Always ready to forgive.

He spoke in parables
Showing what is good and what is wrong.
He healed the sick
And blessed them with love.

He said to the people
Turn away from evil
Pray to God,
And help one another.

Have faith in God
And he will heal you
Do good, and he will bless you
He will give you a good life.

He died for us
And rose again on the third day
He lives forever
And we will follow him always.

Sayona Toji Thomas

പി. തോമസ് പിറവം

മദ്ബഹാ ശുശ്രൂഷകരോട്

ഇന്നു കാണുന്ന ആരാധനകളുടെ ചില നിരീക്ഷണങ്ങളാണ് ചുവടെ ചേർക്കുന്നത്. പ്രധാനമായും ശുശ്രൂഷകരുടെ ഭാഗമാണ് സൂചിപ്പിക്കുന്നത്. മ്സമ്രോനോ (പാട്ടുകാർ), കോറൂയോ (വായനക്കാർ: വേദവായനകൾ നടത്തുന്നവർ), അവുപദ്യക്കിനോ (ഉപശെമ്മാശൻ: വിളക്കുകൾ കത്തിക്കുകയും വാതിൽ കാക്കുകയും പള്ളിയകവും മറ്റും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നവർ) മ്ശംശോനോ (പൂർണ്ണ ശെമ്മാശൻ) എന്നിവരെ അനുഗ്രഹദാന ശുശ്രൂഷയിലൂടെ കൈ വയ്പ്പു മൂലം സഭ ചുമതലപ്പെടുത്തുന്നു. മ്ശംശോനോ ഒഴികെയുള്ളവർ യഥാർത്ഥത്തിൽ മദ്ബഹായ്ക്കുള്ളിൽ ശുശ്രൂഷ നിർവ്വഹിക്കുന്നവരല്ല. അവരുടെ സ്ഥാനം അഴിക്കകമാണ് (ഹൂദായ കാനോൻ 7:8). എന്നാൽ മലങ്കരസഭയിൽ ഈ ചുമതലകളെല്ലാം ഇന്നു നിർവ്വഹിക്കുന്നത് പ്രത്യേക അനുവാദം നൽകിയ അന്മേനികളായ ശുശ്രൂഷകരാണ്. പൂർണ്ണശെമ്മാശന്റെ ചുമതല പോലും അനുവാദം സിദ്ധിച്ച അന്മേനികളാണ് പൊതുവേ നിർവ്വഹിക്കുന്നത്. ഈ വിഭാഗത്തിൽ പെടുന്നവർക്ക് ക്രമവത്കൃതമായ രീതിയിൽ പരിശീലനം കൊടുത്തിട്ടല്ല, ആ ചുമതലയിലേക്ക് പലപ്പോഴും പ്രവേശിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിഭാഗത്തിന് സ്ഥിരമായ പരിശീലനപദ്ധതി ഉണ്ടാകേണ്ടിയിരിക്കുന്നു.

പഠനം ആവശ്യം

ശുശ്രൂഷകർ സഭയുടെ ശുശ്രൂഷാസംവിധാനങ്ങളെ കുറിച്ച് വേണ്ടവിധം മനസ്സിലാക്കേണ്ടതാണ്. ഇതിനു പറ്റിയ ഗ്രന്ഥങ്ങൾ ലഭ്യമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നടപടിക്രമം, കാനോനാ നമസ്കാരം, ശ്ഹീമാ നമസ്കാരം, കഷ്ടാനുഭവാഴ്ച നമസ്കാരം എന്നിവയിലെ നിർദ്ദേശങ്ങളും പഠനങ്ങളും വായിച്ചു മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഓർത്തഡോക്സ് സുറിയാനിസഭയുടെ ശുശ്രൂഷാസംവിധാനം (യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ), ശുശ്രൂഷകമിത്രം (ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്), ഓർത്തഡോക്സ് ആരാധന, ശുശ്രൂഷകളും ശുശ്രൂഷകരും (ഫാ. ഡോ. ജോസഫ് ചീരൻ), വി. കുർബ്ബാനയുടെ ധ്യാനപഠനം (മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ) മുതലായ പുസ്തകങ്ങൾ വായിച്ചിരിക്കണം. ദിവ്യബോധനം പഠനപദ്ധതിയിൽ ചേർന്നു പഠിക്കുന്നത് അഭികാമ്യമാണ്. അവയിലെ പ്രസക്തമായ പുസ്തകങ്ങൾ വായിച്ചു പഠിക്കുകയെങ്കിലും വേണം.

ഉച്ചാരണരീതി

ആരാധനക്രമങ്ങളിലെ പദങ്ങൾ ശ്രദ്ധിക്കാതെ, ബാല്യത്തിൽ കേട്ടു പഠിച്ചു തഴകിയ ഉച്ചാരണരീതികളാണ് പലരും തുടരുന്നത്. ഒരു പ്രാവശ്യം തങ്ങൾ ചൊല്ലുന്നത് റെക്കോർഡ് ചെയ്ത് കേൾക്കുകയും, അറിവുള്ളവരെ കേൾപ്പിച്ച് അഭിപ്രായമറിയുകയും ചെയ്താൽ, പലർക്കും പുസ്തകത്തിലുള്ളതല്ല തങ്ങൾ ചൊല്ലുന്നതെന്ന ബോധം ഉണ്ടാകും. പിന്നെ തിരുത്തൽ എളുപ്പമാണ്. ചൊല്ലേണ്ട ഭാഗങ്ങളിലെ വിരാമങ്ങളും അർദ്ധവിരാമങ്ങളും ശ്രദ്ധിച്ച് അർത്ഥശോഷണം വരാതെ വായിക്കുവാനും ചൊല്ലുവാനും ശ്രദ്ധിക്കണം. തപ്പിത്തടഞ്ഞ് വാക്കുകൾ ആവർത്തിച്ചും മുറിച്ചും ഒക്കെ പലപ്പോഴും ചൊല്ലി കേൾക്കുന്നുണ്ട്.

ഇടക്കുർബ്ബാനകൾ തിടുക്കത്തിൽ ചൊല്ലിത്തീർക്കുന്ന ശീലം കൊണ്ട് ധൃതിയുടെ ഫലമായി ക്രമേണ വ്യക്തതയും സ്ഫുടതയും നഷ്ടമാകും. രാഗാത്മകമായി വളരെ സാവധാനം ചൊല്ലുന്നതും അഭംഗിയാണ്. രാഗാത്മകമാക്കുമ്പോൾ ഭാഷാപരമായി വൈകല്യം വരാതെ ശ്രദ്ധിക്കണം. ആരാധനയ്ക്ക് ഒരു ആകമാനതാളം (വേഗത) നിലനിർത്തുന്നതാണ് ഭംഗി. അതിവേഗത അസ്ഫുടതയും, സാവധാനത അർത്ഥശോഷണവും ഉണ്ടാക്കും. വാക്കുകൾക്ക് സ്വാഭാവികമായ ഒരു രൂപമുണ്ട്. അനാവശ്യ ഇടങ്ങളിൽ ചില അക്ഷരങ്ങൾ ബലപ്പെടുത്തിയും നീട്ടിയും കുറുക്കിയും വിരൂപമാക്കരുത്. കർത്താവിനേ സ്തുതിപ്പീൻ, നാാാം അട്ടഹസിച്ചു പറയണോാാം, ...അറിയിപ്പിനേനേ കേൾക്കണാാം, ...നിന്നുകൊടുപ്രാർത്ഥിപ്പീൻ, ...ആത്മാാവിനൂടും ഉണ്ടാായിരിക്കേട്ടേ, ഇങ്ങനയെല്ലാം ചൊല്ലുമ്പോൾ മനുഷ്യന്റെ ഒരു കൈയോ കാലോ ഒക്കെ വലിച്ചുനീട്ടി വിരൂപമാക്കും പോലെ, പദങ്ങളെ വിരൂപമാക്കുകയാണ്. എല്ലാവരും എന്നത് എല്ലവരും എന്നാക്കുന്നത് അഭംഗിയാണ്.

ഉച്ചാരണവൈകല്യങ്ങൾ

ഉച്ചാരണവൈകല്യങ്ങൾ അസഹനീയവും അരോചകവുമാണ്. ദൈവികം, വൈദികം, വൈദികൻ, പൈശാചികം ജഡികം, മാനുഷികം, ആത്മികം തുടങ്ങിയ വാക്കുകൾ ഈകം എന്ന തരത്തിൽ ദീർഘമായാണ് ഉച്ചരിക്കുന്നത്. പുസ്തകങ്ങളിൽ അപ്രകാരം അച്ചടിച്ചിട്ടുമുാകാം. അവിടെയെല്ലാം ഹ്രസ്വമായ ഉച്ചാരണമാണ് ശരി.

പ്രാർത്തന, മദ്യസ്തപ്രാർത്ഥന, ധ്യാനം, സുഘന്തദൂപം, നാദൻ, ശോബ, ബാഗം, സംങ്ങതി, പരിശുദ്ദൻ, ദന്യൻ, രഷ, സമാദാനം, അനുഷ്ഠിക്കുക, ബയം, ബയങ്കരം, ഉദ്ദാനം, അബിവൃദ്ദി, ശിശ്രൂഷ, സബ, ബൂമി, പീഢനം, ആഢംഭരം, എന്നിങ്ങനെയുള്ള ഉച്ചാരണവൈകല്യങ്ങൾ ശാപമായി തീർന്നിട്ടുണ്ട്. മലയാളമേ നിന്റെ ദയനീയത! ശ്ലീഹേന്മാർ, താതേന്മാർ എന്നിങ്ങനെ അനാവശ്യമായി ഏകാരം ചേർത്തു ചൊല്ലുന്നതു തെറ്റാണ്.

കുന്തിരിക്കം, ശിശ്രൂഷ, ജനത്രി, അവിടുത്തെ, പാഷാണ്ഡർ എന്നെല്ലാം ഉച്ചരിക്കുന്നത് ശരിയല്ല. കുന്തുരുക്കം, ജനിത്രി, ശുശ്രൂഷ, അവിടത്തെ, പാഷണ്ഡർ എന്നിവയാണ് വേണ്ടത്. ഉയിർപ്പ്, ഉയിർത്തെഴുന്നേറ്റ് തുടങ്ങിയ പദങ്ങൾ ക്രൈസ്തവ

സമൂഹം മാത്രം ഉയർപ്പ് ഉയർത്തെഴുന്നേറ്റ് എന്നെല്ലാം ചൊല്ലുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. ഉയരത്തിലു ള്ളതോ ഉയരമോ ഒന്നുമല്ല, ജീവനെന്നർത്ഥമുള്ള ഉയിർ എന്നതാണല്ലോ അതിന്റെ ധാതു.

കുറിയേലായിസോൻ നീട്ടി ചൊല്ലേപ്പോൾ കുറിയേലായി സോൻ എന്ന് ചൊല്ലുന്ന രീതിയാണ് പൊതുവേ കാണുന്നത്. കുറിയേ, എലായ്സോൻ എന്നീ രണ്ടു പദങ്ങൾ ചേർന്ന വാക്കാണല്ലോ അത്. കുറിയേ എന്നിടത്ത് നീട്ടുന്നതാണ് അർത്ഥവത്താകുക.

ഗ ജ ഡ ദ ബ യ ര ല ക്ഷ ഇവയിൽ ആരംഭിക്കുന്ന പദങ്ങൾ ഒരു പകുതി എകാരം ചേർത്ത് ഉച്ചരിക്കണം. (സംസ്കൃത നിയമം എന്തായാലും.) ഏതാണ്ട് ഗെണം, ജെനം, ദെയ, ദൈവം, ബെലം, ബെഹുമാനം, യെരൂശലേം ര്രെഥം രെക്ഷ, ലെയം, ലെബനോൻ, ക്ഷെയം, ക്ഷെമ എന്നൊക്കെ. ബലവാനേ, ബഹുമാനം എന്നിവ അകാരത്തിലല്ല തുടങ്ങുന്നത് എന്ന ർത്ഥം. എഴുതുന്നതുപോലെ പറയുകയും പറയുന്നതു പോലെ എഴുതുകയും ചെയ്യുന്ന മലയാളഭാഷാ നിയമത്തിലെ അപൂർവ്വമായ ഒഴിവുകളാണ് മേല്പറഞ്ഞവ. നിഹനിച്ചോനേ, നൂനം, നനയ്ക്കുക എന്നിവയിൽ ആദ്യം ന എന്നും, പിന്നത്തേതിന് ണ ഉച്ചരിക്കുന്നതിനടുത്തുമാണ് ഉച്ചാരണം, നിനച്ച്, ജനനീ ഇവയിൽ ഉള്ളതു പോലെ. (മുമ്പ് ഇതിന് ലിപി ഉണ്ടായിരുന്നു.) വാക്കിന്റെ തുടക്കത്തിൽ വരുന്ന നയ്ക്ക് നായ എന്നതിലെ ഉച്ചാരണം തന്നെയാണെന്ന് ഓർക്കുക.

കൃ എന്നതിന് ക+ഋ എന്നാണ് ഉച്ചാരണം. പലരും ക്റുപ സുക്റുതം എന്നെല്ലാമാണ് പറയുന്നത്. കൃപ, സൃഷ്ടി, തൃപ്തി മൃത്യു ഗൃഹം സുകൃതം ഇവയെല്ലാം ഋകാരത്തിൽതന്നെ ഉച്ചരിക്കണം. ആരാധനക്രമങ്ങളുടെ പുതിയ പതിപ്പുപയോഗിക്കുക. പഴയ പതിപ്പുകളിൽ ഉണ്ടായിരുന്ന അക്ഷരപ്പിഴകളും തർജ്ജമക്കുഴപ്പങ്ങളും ആശയക്കുഴപ്പങ്ങളും ഒട്ടെല്ലാം പരിഹരിച്ചതാണ് പുതിയവ. തങ്ങളുടെ കൈവശമുള്ള പഴയ പതിപ്പുകൾ പുതിയവയുമായി ഒത്തുനോക്കി തെറ്റുകൾ തിരുത്തിയാലും മതി. ഗീതങ്ങളും മറ്റും ചൊല്ലുമ്പോൾ ശരിയായി ഉച്ചരിക്കുവാൻ തക്കവിധം വേണ്ട തിരുത്തലുകൾ ഇപ്പോൾ വന്നിട്ടുണ്ട്. ഭാഷയുടെ പഠനമില്ലാത്തവർ കൂടുതൽ സ്വന്തമായ തിരുത്തലുകൾ വരുത്തി കുഴപ്പമുണ്ടാക്കാതെ, പുസ്തകത്തിലുള്ളതു പോലെതന്നെ ചൊല്ലണം. ഗീതഭാഗങ്ങൾ പുസ്തകത്തിലുള്ളതിൽ നിന്ന് വ്യത്യസ്തമായി ചൊല്ലുന്ന രീതി വ്യാപകമാണ്.

സംഗീതപ്രധാനമായ ആരാധന

സംഗീതപ്രധാനമായ ആരാധനയാണ് നമ്മുടെ സഭയുടേത്. ആരാധനാസമൂഹം സംഗീതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ മനസ്സിലാക്കിയാലേ, ആരാധന അർത്ഥവത്തായും ആത്മാർത്ഥമായും ശ്രുതിമധുരമായും ഹൃദയാവർജ്ജകമായും നടത്തുവാനാകൂ. ആരാധനയിൽ പങ്കെടുക്കുന്നവർക്കെല്ലാം ഒരു അടിസ്ഥാന സംഗീതാവബോധം ആവശ്യമുണ്ട്. പറയുന്നതു പോലെയല്ല ചൊല്ലലെന്നും, ചൊല്ലുന്നത് സംഗീതബന്ധിയായ ഒരു ക്രിയയാണെന്നും സ്വാഭാവികമായ ഒച്ചയുണ്ടാക്കലല്ല ഗീതാലാപനമെന്നും തിരിച്ചറിയണം. ഗീതങ്ങൾക്ക് ഒരു താളമുണ്ടെന്ന് മനസ്സിലാക്കി, ആ താളത്തിലേക്ക് ലയിപ്പിച്ചാണ് പാടേണ്ടത്. കൂടെ പാടുന്നവരുടെ സ്വരത്തോട് യോജിപ്പിച്ചല്ലാതെ (തന്റേത് മുഴപ്പിച്ചു) പാടരുത്. ഈ കഴിവുകൾ ജന്മനാ സ്വാഭാവികമായി ലഭിക്കുന്നതല്ലെന്നും, അല്പം പരിശീലനം കൊണ്ട് നേടാവുന്നതാണെന്നും ഉള്ള തിരിച്ചറിവ് നല്ലതാണ്.

ആരാധനയ്ക്ക് ഒരു തുടർച്ചയായ സ്വരച്ചേർച്ചയും ലയ യോജിപ്പും വേണം. ശുശ്രൂഷകർ പ്രാർത്ഥനകളും ആഹ്വാനങ്ങളും മറ്റും ചൊല്ലുന്നത് കാർമ്മികന്റെയും ജനങ്ങളുടെയും സ്വരങ്ങളോടു ചേർന്നായിരിക്കണം. വായനകൾ ഉദ്ബോധനങ്ങൾ തുടങ്ങിയവ അതിനു തൊട്ടു മുമ്പുള്ള കാർമ്മികന്റെയോ, ജനങ്ങളുടെയോ സ്വരത്തിൽ (ശ്രുതിയിൽ) നിന്ന് ഭിന്നമാകാതെ ശ്രദ്ധിക്കണം. തൊട്ടുമുമ്പുള്ള പ്രതിവാക്യം യോജിപ്പിച്ചു ചൊല്ലിയിട്ട് ആരംഭിച്ചാൽ ആ കുഴപ്പത്തിൽ നിന്ന് രക്ഷപെടാം. ഗീതങ്ങൾ തുടങ്ങിക്കൊടുക്കുന്നത് എല്ലാവർക്കും ചേർന്നു പാടാൻ പറ്റുന്ന സ്വരത്തിൽ (ശ്രുതിയിൽ) വേണം. ഉച്ചസ്ഥായിയിലോ, താഴ്ന്ന സ്ഥായിലോ ആകരുതെന്നർത്ഥം. തങ്ങളുടെ സാന്നിദ്ധ്യം പ്രകടിപ്പിക്കുവാനായി അത്യുച്ചത്തിലോ, ഭിന്നശ്രുതിയിലോ പാടുകയും ചൊല്ലുകയുമരുത്. സംഘമായ ആരാധനയിൽ അപശ്രുതി കൂടാതെയും തനതായ ശബ്ദം മാത്രം വേറിട്ടു പോകാതെയും പാടുകയും ചൊല്ലുകയും ചെയ്യുവാൻ അല്പം ശ്രദ്ധയും, ആവശ്യമെങ്കിൽ പരിശീലനവും നേടണം.

രാഗങ്ങൾ

ആരാധനക്രമങ്ങളിലില്ലാത്ത ഗീതങ്ങളും സുന്നഹദോസിന്റെ അംഗീകാരമില്ലാത്ത പുതിയ ട്യൂണുകളും മറ്റു ഗീതങ്ങളും ഗാനങ്ങളും ആരാധനയിൽ ഉപയോഗിക്കരുത് (ഹൂദായ കാനോൻ 7:8). നിലവിൽ ആലപിക്കപ്പെടുന്ന പല ഗീതങ്ങളും ട്യൂണുകളും അംഗീകാരമില്ലാത്തവയായുണ്ട്. ശുശ്രൂഷകരും മറ്റും ഇക്കാര്യം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. അറിവു കുറവിനാൽ ഉപയോഗത്തിലായ ന്യൂനതകൾ പ്രയോഗ സാധുതയുടെ പേരിൽ തുടരേണ്ടതില്ല. സുന്നഹദോസിന്റെ അംഗീകാരമുള്ള ട്യൂണുകൾ ശ്രുതി പ്രസിദ്ധീകരിച്ച സി.ഡി .യിലുണ്ട്.

കാർമ്മികർക്കും ശുശ്രൂഷകർക്കും ജനങ്ങൾക്കും നിശ്ചിതമായ ചുമതലകൾ ആരാധനയിലുണ്ട്. ശുശ്രൂഷകർ പ്രത്യേകാനുവാദത്തോടെ മാത്രം മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നതു പോലെ ഗായകസംഘത്തിനും അവരുടെ ചുമതലയുണ്ട്. അതു നിർവ്വഹിക്കുവാൻ അവരെ അനുവദിക്കണം. പാട്ടുകൾ ചൊല്ലുവാൻ കൂടുതൽ കഴിവ് ആർജ്ജിച്ചവരെ ആ ശുശ്രൂഷയ്ക്ക് ചുമതലപ്പെടുത്തുന്നതിൽ കുഴപ്പമില്ല. ജനനപ്പെരുന്നാൾ പോലുള്ള ശുശ്രൂഷകളിൽ ഗീതങ്ങൾ തുടങ്ങുവാൻ പരിചയക്കുറവുണ്ടെങ്കിൽ, വൈദികർ ആ ചുമതല കഴിവുള്ള ശുശ്രൂഷകരെയോ ഗായകസംഘത്തെയോ ഏല്പിക്കാവുന്നതാണ്. ഗായകസംഘത്തോടു ചേർന്ന് ശുശ്രൂഷകർ ചൊല്ലുന്നെങ്കിൽ, ശ്രുതിബോധത്തോടും താളലയങ്ങൾ തെറ്റാതെയും സ്വരൈക്യത്തോടെ ആയിരിക്കണം. ഗായക സംഘത്തിനു വിട്ടുകൊടുക്കേണ്ട ഭാഗങ്ങളിൽ അവരോടൊപ്പം പരിശീലിക്കാത്തവർ ഇടപെടാതിരിക്കുന്നതാണ് നല്ലത്.

കൂട്ടിച്ചേർപ്പുകൾ

വി. കുർബ്ബാനയിൽ ക്രമത്തിലില്ലെങ്കിലും പലപ്പോഴും ആമ്മീൻ, ബാറെക്മോർ മുതലായവ തിരുകി ചൊല്ലണ്ടി കേൾക്കുന്നു. പലതും യുക്തിഭദ്രമോ, സന്ദർഭത്തിൽ ആവശ്യമുള്ളതോ ആയി തോന്നാറില്ല.
പരേതരുടെ കുക്കുലിയോനിൽ, മരണമടഞ്ഞൊരു ദാസനെ

നിൻ എന്ന് മാറ്റി ചൊല്ലുന്നു. ശുശ്രൂഷ ഒരാൾക്കുണ്ടേവേണ്ടിയാണെങ്കിലും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്ന പാരമ്പര്യം മറന്നിട്ടല്ലേ ദാസരെ എന്നത് ദാസനെ എന്ന് തിരുത്തുന്നത്?

മരണാന്തര ശുശ്രൂഷയിൽ വത്സലരേ ദൂരത്തെന്തിനു നില്ക്കുന്നെൻ എന്ന ഗീതത്തിൽ നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ എന്നത് നിർത്തണമിവനെ എന്ന് മാറ്റി പാടുന്നു. മരിച്ചയാളിന്റെ വാക്കുകളായി ചിത്രീകരിക്കുന്ന ആ ഗീതം ഇപ്രകാരം മാറ്റുന്നത് അനുചിതമാണ്.

ശുശ്രൂഷക്കാരൻ എന്ന് വേർതിരിച്ചിരിക്കുന്ന പ്രഖ്യാപനങ്ങളും ഉദ്ബോധനങ്ങളും മാത്രമല്ല, ജനം ചൊല്ലേ ഭാഗങ്ങളും കൂടി ജനങ്ങൾക്കൊപ്പം ഒരുമിച്ചു ചൊല്ലണം.

ശബ്ദനില

ആരാധനയിൽ ചിലരുടെ സ്വരം മാത്രം മുഴച്ചു നിൽക്കുന്നത് വളരെ അരോചകമാണ്. ഉച്ചഭാഷിണിയുണ്ടെങ്കിൽ ബന്ധപ്പെട്ട എല്ലാവരുടെയും ശബ്ദം ഒരേ നിരപ്പിലാകുന്നതാണ് നല്ലത്. അത് കേൾവിക്കും മനസ്സിനും സ്വസ്ഥതയും ശാന്തതയും നൽകുന്നതും, ആരാധനയുടെ അന്തരീക്ഷം നഷ്ടപ്പെടാത്തതുമായ ഉച്ചതയിൽ ക്രമീകരിക്കുകയും വേണം. ആധുനിക സാങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ ചെവിയിൽ വിരൽവച്ച് അടയ്ക്കാതെ പള്ളിയിലും പരിസരത്തും നില്ക്കാൻ വയ്യെന്നായിട്ടുണ്ട്.

പഴയനിയമവായനയുടെ സൂമോറോ

പെരുന്നാൾ ശുശ്രൂഷകളിലും മറ്റും (ദനഹാ, ഓശാന, കാൽ കഴുകൽ, ദു:ഖവെള്ളിയാഴ്ച, ഉയിർപ്പ്) പഴയനിയമവായനയ്ക്കു മുമ്പ് സൂമോറോകൾ ചേർത്തിട്ടുണ്ട്. അവ ചൊല്ലിയ ശേഷം, പലരും 'നീതിമാന്മാരുടെ കൂടാരത്തിൽ' എന്നാരംഭിക്കുന്ന വി.കുർബ്ബാനയുടെ സൂമോറോ കൂടി ചൊല്ലി കേൾക്കുന്നു. അതിന്റെ ആവശ്യമില്ല.

ഗീതങ്ങളിലെ അനാവശ്യ കൈയേറ്റം

അടുത്ത നാളുകളിൽ ശുശ്രൂഷകരും ജനങ്ങളും ഗായകസംഘങ്ങളും മറ്റും ഗീതങ്ങളുടെ വരികളുടെ അവസാനഭാഗം പാടിക്കേൾക്കുന്നത് ഇങ്ങനെയൊക്കയാണ്.
സകല നിവാസങ്ങളിൽ നിന്നരിശത്തിൻ ദണ്ഡം.
നോമ്പും പ്രാർത്ഥനയും കൈക്കൊണ്ടാൻപാലടിയാരെ ...
തൻ കൂടെ പണിതോർ അവനര കെട്ടി ...
നാഥാ ഉത്തരമരുളിച്ചയ്തടിയാരൊടു കൃപ ...
നാമെല്ലാവരുമൊത്തൊരുമിച്ചുര ചെയ്യേണം.
ദൈവപ്രസവിത്രീ കന്യകമറിയാമിളയരുന്നോയാറിൽ ...
ആദ്യാചാര്യത്വം കൈക്കൊണ്ടഹറോൻ മൂശയൊടൊന്നിച്ച് ...
വൈദികരെ പിൻചെല്ലും വണ്ണമേന്മാർ ദേവാഗാരേ.
നിർമ്മലരായ് പരികർമ്മിപ്പോളാചാര്യർക്കവ ചൂടീടേണം.
നല്ല മരിച്ചോർ പുണ്യപ്പെടുവാനായരാനന്ദിക്കേണം.
ദൈവത്തിന്നുപദേശം തൊണ്ടവസാനിപ്പിപ്പോൻ ...
അതിനാൽ പുണ്യപ്പെട്ടവരോടെന്നെ യോഗ്യനതാക്കണമേ.
വിശ്വാസികളായി മരിച്ചോർക്കെത്ര ഗുണം കൂടും.
കബറുകളീന്നും നിങ്ങളെഴുന്നേൽക്കുവിൻ വേഗം ...
സ്ലീബായാൽ ജീവിതരെ കാത്തൻപാൽ മുക്തി ...
മോഹിച്ചീടുന്നജസംഘം ...

അർത്ഥപുഷ്ടിവാദികളും ഭാഷാപണ്ഡിതമന്യരുമായ ആരുടെയൊക്കെയോ പ്രേരണയാൽ ഗീതങ്ങളിലെ വരികളുടെ അവസാനപദങ്ങളിലാണ് ഈ കൈയേറ്റം കൂടുതലും നടക്കുന്നത്. കാര്യമറിയാതെ മറ്റുള്ളവർ അവ പകർത്തുന്നു. കണ്ടത്തിൽ വറുഗീസ് മാപ്പിള, കോനാട്ടു മാത്തൻ മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, കോനാട്ട് എബ്രഹാം മല്പാൻ, സി.പി. ചാണ്ടി, മാത്യൂസ് പ്രഥമൻ ബാവ തുടങ്ങിയവരുടെ കൃതികളിലാണ് ഈ കൈകടത്തൽ! ഈ ക്രമങ്ങൾ പ്രസിദ്ധീകരിച്ചതിൽ അവർക്കു തെറ്റു പറ്റിയെന്നാണോ കരുതുന്നത്? എത്ര അരോചകമാണിതെന്ന് ചൊല്ലുന്നവരും ചൊല്ലിക്കുന്നവരും അറിയുന്നുണ്ടോ? ഗീതങ്ങളിലെ യഥാർത്ഥ അർത്ഥം ഈ മാറ്റത്തിലൂടെ നഷ്ടപ്പെടുന്നവെന്ന് തിരിച്ചറിയാത്തതെന്ത്? മേല്പറഞ്ഞതു പോലെ ചൊല്ലുന്നതാണ് ശരിയായ രീതിയെങ്കിൽ,

കന്യകമറിയാമിഓർമ്മ ഭവിക്കട്ടെ
രാപകലടിയങ്ങൾആശ്രയമങ്ങല്ലോ
നീതിപ്രിയർ സിദ്ധർഓർമ്മ ഭവിക്കട്ടെ
കൈക്കൊളുദരേ പേറി
എന്നെല്ലാം കൂടി തിരുത്തലുകാർ പാടേണ്ടതല്ലേ?

നമ്മുടെ ആരാധനകൾ ഭംഗിയാകണമെന്ന സദുദ്ദേശ്യത്തിൽ കുറിച്ച എളിയ അഭിപ്രായങ്ങളാണ് ഇതിലുൾപ്പെടുത്തിയത്. അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിൽ അവ ചർച്ച ചെയ്യേണ്ടതാണ്.

പ്രസാദവർഷം
പ്രാർത്ഥനാസംഗമം

എല്ലാമാസത്തിലെയും രണ്ടാംവെള്ളിയാഴ്ച
വൈകുന്നേരം 6 മണിമുതൽ 8 മണിവരെ

സന്ധ്യാനമസ്ക്കാരം ഗാനശുശ്രൂഷ
വചനശുശ്രൂഷ മധ്യസ്ഥ പ്രാർത്ഥന (ലുത്തീനിയ) നേർച്ച

പരിശുദ്ധ യെൽദോ മോർ ബസേലിയോസ് ബാവ

ജനിച്ചത് ഇന്നത്തെ ഇറാഖിലെ മൊസൂളിനടുത്തുള്ള ബഖ്ദിദ എന്നസ്ഥലത്താണ്. അദ്ദേഹം ചെറിയ പ്രായത്തിൽ തന്നെ യെൽദൊ, മാർ ബഹനാന്റെ ആശ്രമത്തിൽ ചേരുകയും, എ.ഡി.1678ൽ കാതോലിക്ക ആയി അന്നത്തെ അന്ത്യോക്യൻ പാത്രിയർക്കീസായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദുൽ മശിഹയിൽനിന്നും സ്ഥാനമേല്ക്കുകയും ചെയ്തു.

*ഇന്ത്യയിലേക്കുള്ളപ്രയാണം

1685ൽ മാർ ബസേലിയോസ് തന്റെ 92–ാം വയസിൽ മലങ്കരയിലേക്ക് തന്റെ യാത്രയാരംഭിച്ചു. പോർച്ചുഗീസുകാരുടെ കയ്യിൽ പെടാതിരിക്കാൻ അദ്ദേഹം ബസ്രയിൽ നിന്നും കപ്പൽ മാർഗ്ഗം തലശ്ശേരിയിൽ എത്തുകയും അവിടെനിന്നും കാൽനടയായി കോതമംഗലത്ത് എത്തുകയുമാണുണ്ടായത്. ബസ്രയിൽനിന്നും യാത്രതിരിക്കുമ്പോൾ ബാവയുടെ കൂടെ സഹോദരനായഅജെമ്മ, മാർ ഇവാനിയോസ് ഹിദയത്തുള്ള എപ്പിസ്കോപ്പ, യൊവെയ്, മത്തായി എന്ന്പേരുള്ള 2 റമ്പാന്മാർ എന്നിവർ ഉണ്ടായിരുന്നു. എന്നാൽ 1685 സെപ്റ്റംബർ 14നു ബാവായും, ഹിദയത്തുള്ള എപിസ്കോപ്പായും മാത്രമാണ് ലക്ഷ്യത്തിലെത്തിയത്. അവർ കാൽനടയായി സഞ്ചരിച്ച സ്ഥലങ്ങൾ വന്യമൃഗങ്ങൾ നിറഞ്ഞതായിരുന്നു.

*അത്ഭുതപ്രവർത്തികൾ

അദ്ദേഹം കോതമംഗലത്ത് എത്തിയപ്പോൾ വനത്തിൽവച്ച് കന്നുകാലികളെ മേയ്ച്ചുകൊണ്ടിരുന്ന ഒരുചക്കാലനായർ സമുദായത്തിൽപെട്ട ഒരുയുവാവിനെ കാണുകയും, അയാളോട് പള്ളിയിലേക്കുള്ളവഴി കാണിക്കാൻ ആവശ്യപെടുകയും ചെയ്തു. തന്റെ വളർത്തുമൃഗങ്ങളെ കടുവ കൊണ്ടുപൊകുമെന്ന് അയാൾ പറഞ്ഞപ്പോൾ ബാവ തന്റെ സ്ലീബാകൊണ്ട് നിലത്ത് ഒരുവൃത്തം വരക്കുകയും കാലികൾ എല്ലാം അതിൽകയറി നില്ക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം. ആനായർ യുവാവിന്റെ സഹോദരി പ്രസവവേദനയാൽ ബുദ്ധിമുട്ടുന്ന കാര്യം അറിയിച്ചപ്പോൾ ബാവ കരിക്കുവീഴ്ത്തി നൽകിയതായും വിശ്വസിക്കപ്പെടുന്നു. ഈവിശ്വാസങ്ങളുടെ വെളിച്ചത്തിൽ കോതമംഗലം തിരുനാളിന് ഇപ്പോഴും വഴികാണിക്കുന്നത് ആനായർകുടുംബമാണ്.

*അന്ത്യം

1685 സെപ്റ്റംബർ 14നാണ് ബാവ കോതമംഗലം മാർത്തോമ്മാ ചെറിയപള്ളിയിൽ എത്തുന്നത്. മാർഹിദായത്തുള്ള റമ്പാനെ മാർ ഇവാനിയോസ് എന്നപേരിൽ അദ്ദേഹം മെത്രാനായി വാഴിച്ചു. ദീർഘയാത്രയും തന്റെ പ്രായവുംമൂലം ബാവ ക്ഷീണിതനായിരുന്നു. സെപ്റ്റംബർ 27നു അദ്ദേഹത്തിനു തൈലാഭിശേക ശുശ്രൂഷനൽകുകയും, രണ്ടു ദിവസങ്ങൾക്കുശേഷം സെപ്റ്റംബർ 29 ശനിയാഴ്ച (കന്നി 19) അദ്ദേഹം കാലം ചെയ്യുകയും ചെയ്തു. അദ്ദേഹത്തെ പള്ളിയുടെ മദ്ബഹായുടെ സമീപമാണ് കബറടക്കിയിരിക്കുന്നത്. തന്റെ മരണ സമയത്ത് പള്ളിയുടെ പടിഞ്ഞാറു വശത്തെ കൽക്കുരിശ് പ്രകാശിക്കുമെന്ന് ബാവ തന്റെ ചുറ്റും കൂടിനിന്നവരെ അറിയിച്ചിരുന്നതായും, അദ്ദേഹത്തിന്റെ മരണസമയത്ത് അപ്രകാരം സംഭവിച്ചതായും വിശ്വസിക്കപ്പെടുന്നു.

*വിശുദ്ധപദവി

യെൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 2, 3 എന്നീ തീയതികളിൽ ആചരിക്കപ്പെടുന്നു. മലങ്കരയിൽ പ്രത്യേകാൽ കോതമംഗലത്തിന് സമീപമുള്ള വിശ്വാസികൾക്കിടയിൽ അദ്ദേഹത്തിന്റെ ഓർമയ്ക്കായി കുട്ടികൾക്ക് "എൽദോ" എന്നോ "ബേസിൽ" എന്നോ പേരിടാറുണ്ട്. ●

KIDS CORNER

SAYONA
TOJI THOMAS

JOSHUAL JOJO

REAH ROBIN

ഫാമിലി പരിചയം



ശ്രീയേശു വിലാസം ശ്രീ സിറ്റി കോശിയുടെയും എലിസബത്ത് ജോണിന്റെയും മകൻ കെവിൻകോശിയും ഭാര്യ ലിജ ജോൺസൻ.
മകൻ ആർത്തർ കെവിൻ കോശി

പുന്നവിളയിൽ ശ്രീ. ബാബുവിന്റെയും ഗ്രേസി ബാബുവിന്റെയും മകൻ ജിബിൻ ബാബുവും ഭാര്യ ജിബ്സ ജിബിനും.
മക്കൾ : എറജിബിൻ, അലിസ്റ്റർ ജിബിൻ

പുത്തൻ വീട്ടിൽ വടക്കേത്തിൽ ശ്രീ.ഗീവർഗീസ് ഉണ്ണുണ്ണിയുടെയും അന്നമ്മ ഉണ്ണുണ്ണിയുടെയും മകൻ പി. ഒ.തമ്പി.
ഭാര്യ : പ്രീതിതമ്പി. മകൾ : സീന തമ്പി

ശ്മൂനി പ്രവാസി ഫോറത്തിന്റെ മുൻ വൈസ് പ്രസിഡന്റായ സെന്റ് തോമസ് പ്രാർത്ഥന യോഗത്തിൽ നെടിയകാലായിൽ അനിൽ ഭവനിൽ ശ്രീ. അനിൽജോൺ, ശ്രീമതി റൂബി അനിൽ ദമ്പതികളുടെ മകൾ **കുമാരി ഐശ്വര്യ അനിൽ** അഭിഭാഷകയായി എൻറോൾ ചെയ്യപ്പെട്ടു.

പ്രവാസിഫോറത്തിന്റെ

അഭിനന്ദനങ്ങൾ

ഊഷ്മളം
Share love with a tea

സേവനസന്നദ്ധതയുടെ പുതിയ പാത തുറന്ന് ശ്മൂനി പ്രവാസിഫോറം...

അനേകർക്ക് കരുണയായും ഇടവകക്ക് കരുതലായും വിവിധ പ്രവർത്തങ്ങളിലൂടെ പ്രശോഭിക്കുന്ന ഈ ദൈവാലയത്തിലെ പ്രവാസിമക്കളുടെ കൂട്ടായ്മ ആയ ശ്മൂനി പ്രവാസിഫോറം പ്രവർത്തന പുസ്തകത്തിൽ പുതിയ ഒരദ്ധ്യായംകൂടി തുറക്കപെട്ടിരിക്കുന്നു ..!!

എല്ലാ ഞായറാഴ്ചയും ഇടവകയിലെ വയോജനങ്ങൾക്കും അതോടൊപ്പം ആവശ്യമുള്ള എല്ലാവർക്കും വി.കുർബാനക്ക് ശേഷം ഒരുകപ്പ് ചായ നൽകുന്ന പദ്ധതിയായ 'ഊഷ്മളം' (Share Love with a Warm Tea) 31/08/2025 ഞായറാഴ്ച മുതൽ ആരംഭിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ..!!

നമ്മുടെ വയോജനങ്ങൾക്ക് സ്നേഹപൂർവ്വം...

ഒരു കപ്പ് ചായ...

വിളിപ്പുറം

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളിയിലെ സെന്റ് ഗ്രീഗോറിയോസ് യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയ വയോധികർക്കും രോഗികൾക്കും ഒറ്റപ്പെട്ടവർക്കും സൗജന്യമായി സേവനം നൽകുന്ന വിളിപ്പുറം നമുക്കായി ഒരാൾ പദ്ധതി തുടങ്ങിയിരിക്കുകയാണ്.

പദ്ധതിയുടെ ഉദ്ഘാടനം പള്ളിക്കൽ പഞ്ചായത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എസ്. അനിമോൻ നിർവ്വഹിക്കുകയുണ്ടായി.

ആശംസ

'വിളിപ്പുറം' എന്ന കാരുണ്യപദ്ധതി വളരെ അർത്ഥവത്തായ ഒരുവാക്കാണ്. അതിന് ഈ ഇടവകയിലെ എല്ലാ യുവജനങ്ങളെയും അതുമായി ബന്ധപ്പെട്ട ഇടവക അംഗങ്ങളെയും ആദ്യമായി ഞാൻ അഭിനന്ദിക്കുന്നു. സമൂഹത്തിനുവേണ്ടി വളരെ പ്രവർത്തിക്കുന്നവരാണ് യുവാക്കൾ. അടൂർ കടമ്പനാട് ഭദ്രാസനത്തിൽ ഇങ്ങനെയുള്ള ഒരുപദ്ധതി എന്റെ അറിവിൽ ആദ്യത്തേതാണ്. പ്രത്യേകമായി യുവജന പ്രസ്ഥാനക്കാരെ അഭിനന്ദിക്കുന്നു.

ഈ ഇടവകയിലെ മറ്റൊരുപ്രത്യേകത എന്നെ വളരെ സന്തോഷമുളവാക്കി കാരണം, ഓർത്തഡോക്സ് സഭയുടെ തെക്കൻ മേഖലയിൽ ഒരുപള്ളിയിലും കാണാത്ത ഒരു പ്രത്യേകതയാണ് എല്ലാ ഞായറാഴ്ചയും കുർബാന കഴിഞ്ഞ് ഇറങ്ങുമ്പോൾ എല്ലാവർക്കും ചായയും സ്നാക്സും കൊടുക്കുന്ന രീതി. ഇടവകയിലെ പ്രവാസിഫോറം ആണ് ഇതിന്റെ പിന്നിൽ എന്നറിയാൻ കഴിഞ്ഞു. പ്രത്യേകമായി വികാരി തോമസ് പി. മുകളിൽ അച്ചനെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു .

ഈ ഇടവക നമ്മുടെ സഭയ്ക്കും പ്രത്യേകിച്ച് അടൂർ കടമ്പനാട് ഭദ്രാസനത്തിൽ മറ്റുപള്ളികൾക്കും മാതൃകയാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

അനിമോൻ എസ്.
ചരിഞ്ഞകാലായിൽ
(ഭദ്രാസന കൗൺസിൽ അംഗം,
ഹെൽത്ത് ഇൻസ്പെക്ടർ)

ഇടവക വാർത്തകൾ

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളിയിലെ സെന്റ് ഗ്രിഗോറിയസ് യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിദ്യാരംഭത്തിനോടനുബന്ധിച്ചു കുരുന്നുകൾ ആദ്യക്ഷരം കുറിച്ചു. ആദ്യക്ഷരം കുറിച്ച് അക്ഷര ലോകത്തേക്ക് പ്രവേശിച്ച കുഞ്ഞുങ്ങൾക്ക് പ്രവാസിഫോറത്തിന്റെ ആശംസകൾ.